**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**<u>വിജ്ഞാപനം</u>**

**<u>കീം 2021</u>**
**<u>ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം 2021 മോപ് അപ് കൗൺസിലിംഗിനുശേഷമുള്ള വേക്കൻസികൾ നികത്തുന്നത് സംബന്ധിച്ച്</u>**

2021 വർഷത്തെ ആയൂർവേദ /ഹോമിയോ/സിദ്ധ/യുനാനി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ മോപ് അപ് കൗൺസിലിംഗിനുശേഷം നിലനിൽക്കുന്ന ഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി അതാത് കോളേജ് അടിസ്ഥാനത്തിൽ നികത്തുന്നതാണ്. പ്രസ്തുത ഒഴിവുകളിലക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

- പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള മെഡിക്കൽ /ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവരും, അതാത് കോഴ്സുകൾക്ക് കീം 2021 പ്രോസ്പെക്ടസ് പ്രകാരം നിർദ്ദേശിക്കപ്പെട്ട യോഗ്യത നേടിയവരും ആയിരിക്കണം.
- കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരം പ്രസ്തുത കോഴ്സുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനുള്ള അക്കാദമിക യോഗ്യതയുള്ളവരായിരിക്കണം.
- നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ്/ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ അഡ്മിഷൻ നേടാത്തവരായിരിക്കണം.
- എം.ബി.ബി.എസ്/ബി.ഡി.എസ്/ ആയുർവേദ/ സിദ്ധ/ യുനാനി /മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലാത്തവരും ആയിരിക്കണം.
- AACCC യുടെ ഇൻഎലിജിബിൾ അപേക്ഷകരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരായിരിക്കണം.

ഈ ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി താത്പര്യമുള്ള വിദ്യാർത്ഥികൾ കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പ്രതിപാദിക്കുന്ന അസ്സൽ രേഖകളുമായി 08.05.2022, 4.00 മണിക്കകം ഒഴിവുള്ള കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കേണ്ടതാണ്. 08.05.2022, 4.00 മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികളെ മാർഗനിർദ്ദേശപ്രകാരം പ്രോസ്പെക്ടസ് വ്യവസ്ഥകൾ പാലിച്ച് നിലവിലെ ഒഴിവുകളിലേക്ക് പരിഗണിച്ച് ഒഴിവുകൾ അതാത് കോളേജുകൾ നികത്തുന്നതാണ്. കാറ്റഗറി സീറ്റുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം അർഹമായ കാറ്റഗറിയായി പരിവർത്തനം ചെയ്ത് മേൽ പറഞ്ഞ തീയതിക്കകം അതാത് കോളേജുകൾ പ്രവേശനം നടത്താവുന്നതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ, ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അഡ്മിഷൻ/അഡ്മിഷനുശേഷമുള്ള ഒഴിവുകൾ എന്നിവയെ സംബന്ധിച്ച റിപ്പോർട്ട് 08.05.2022 വൈകുന്നേരം 6.00 മണിക്ക് മുമ്പായി പരീക്ഷാ കമ്മീഷണർക്ക് നൽകേണ്ടതും Online Admission Management System (OAMS ) ൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. 08.05.2022, 4.00 മണിക്ക് ശേഷം പ്രസ്തുത കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം പ്രസ്തുത സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച വിശദാംശം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.06 19:55:47 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**06/05/2022**